"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.314/2024/CLAD തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.260/2024/CLAD തീയതി, 27.05.2024

2. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 30.05.2024- ലെ എ2/1713/2024/സിൽ നമ്പർ കത്ത്

**ഉത്തരവ്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-2025 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന 2,25,00,000/-രൂപ (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ചു പദ്ധതി നിർവഹണം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2024 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വിവിധ പദ്ധതി ഘടകങ്ങൾക്കായി ചെലവഴിക്കുന്നതിന് ഗ്രാന്റിന്റെ ആദ്യ ഗഡുവായി ഇൻസ്റ്റിറ്റ്യൂട്ടിന് 80,00,000/- രൂപ (എൺപത് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ഉത്തരവു പ്രകാരമുള്ള ഘടകങ്ങൾക്കു മാത്രമേ തുക വിനിയോഗിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ "2202-05-102-96-36(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 2,25,00,000/- രൂപയിൽ നിന്നും 45,00,000/-രൂപ (നാല്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ച് നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള PSTSB അക്കൗണ്ട് നമ്പരും അനുബന്ധ വിശദാംശങ്ങളും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്. കൂടാതെ, രണ്ടാം ഗഡുവിനുള്ള ശിപാർശ സമർപ്പിക്കുമ്പോൾ ഒന്നാം ഗഡുവായി അനുവദിച്ച തുകയുടെ വിശദമായ ചെലവ് വിവരം, ധനവിനിയോഗ സാക്ഷ്യ പത്രം, പ്രതീക്ഷിത ചെലവ് വിവരം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (13.06.2024-ലെ E 2813775/EDN-C3/193/2024-Fin നമ്പർ പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം

ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C1/91/2024-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 15-06-2024 11:02:33

സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്